ഉത്തരം

(എ) സർക്കാർ അങ്ങനെ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധികൾ

131 [588] ശ്രീ. വി. കെ. ചന്ദ്രൻ :

,, എം. വി. ഗോവിന്ദൻ മാസ്റ്റർ :

,, പി. ജയരാജൻ :

,, എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ ഇപ്പോൾ നേരിടുന്ന പ്രതിസന്ധികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ എണ്ണം എത്ര ;

(സി) നഷ്ടം വരുന്നതിനിടയാക്കിയ കാരണങ്ങൾ സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) വായ്പാ കുടിശ്ശികക്കാരുടെ വൺടൈം സെറ്റിൽമെന്റ്, കാർഷിക കടാശ്വാസം തുടങ്ങി യു.ഡി.എഫ്. സർക്കാർ പ്രഖ്യാപനം നടത്തിയ സ്കീമുകൾ നടപ്പിലാക്കിയത് വഴി സംസ്ഥാനത്തെ വായ്പാ സംഘങ്ങൾക്കുണ്ടായ ബാധ്യത മൊത്തം എത്ര കോടി വരുമെന്ന് വിശദമാക്കാമോ; ഇവ സർക്കാർ ഏത് തീയതിയ്ക്കകം കൊടുത്തു തീർക്കും ;

(ഇ) വൺടൈം സെറ്റിൽമെന്റ് സ്കീം നടപ്പിലാക്കുന്നതിന് സർക്കാരിന് മൊത്തം എന്ത് തുക ചെലവ് വന്നു ?

ഉത്തരം

(എ) ഉണ്ട്.

(ബി) 888.

(സി) നഷ്ടം വരുന്നതിന് ഇടയാക്കിയ കാരണങ്ങളെ സംബന്ധിച്ച് പൊതുവായ പരിശോധന സർക്കാർ നടത്തിയിട്ടില്ല. എന്നാൽ ഓരോ ജില്ലയിലും അത്തരം സംഘങ്ങളെ സംബന്ധിച്ച് വകുപ്പുതലത്തിൽ പരിശോധിച്ച് ആഡിറ്റ് വേളയിൽ വിശകലനം ചെയ്യാറുമുണ്ട്.

(ഡി) വൺടൈം സെറ്റിൽമെന്റ് സ്കീം പ്രകാരം സംഘങ്ങൾ/ബാങ്കുകൾ 199.02 കോടി രൂപയുടെ ഇളവ് അംഗങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. കാർഷിക കടാശ്വാസ പദ്ധതി പ്രകാരം ആകെ 39.07 കോടി രൂപ നൽകിയിട്ടുണ്ട്. 6 മാസത്തേയും

LIBRARY ARCHIVES Kerala Legislative Assembly

ഒരു കൊല്ലത്തെ മോറട്ടോറിയത്തിന്റേയും പലിശയിളവ് പ്രകാരവും വയനാട് പാക്കേജ് അടക്കവും 156.82 കോടി രൂപ ഇനിയും നൽകാനുണ്ട്. പ്രസ്തുത തുക രണ്ട് മാസത്തിനകം കൊടുത്തുതീർക്കാൻ നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഇ) സർക്കാരിന് ചെലവ് ഉണ്ടായിട്ടില്ല.

സഹകരണ ബാങ്കുകളുടെ ഫണ്ട്

132 [589] ശ്രീ. മഞ്ഞളാംകുഴി അലി :
„ പി. ജയരാജൻ :
„ കെ. കെ. ജയചന്ദ്രൻ :

ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളുടെ ഫണ്ട് സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ;

(ബി) സഹകരണ വായ്പാ സംഘങ്ങളിൽ അധിക ഫണ്ട് ഉണ്ടാകുമ്പോൾ അത് നിക്ഷേപിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കുമോ ;

(സി) സംസ്ഥാന സഹകരണ കാർഷിക ഭൂവികസന ബാങ്ക് 2001 മാർച്ചിന് ശേഷം ഇതേവരെ ഓരോ വർഷവും ലോർഡ് കൃഷ്ണാ ബാങ്കിൽ ഉൾപ്പെടെ സ്വകാര്യ ബാങ്കുകളിൽ എന്ത് തുക വീതം നിക്ഷേപിക്കുകയുണ്ടായി ; നിക്ഷേപ കാലയളവിൽ ഏതെങ്കിലും ബാങ്കുകളിൽ നിന്ന് വായ്പ എടുത്തിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) യൂണിറ്റ് ട്രസ്റ്റ് ഓഫ് ഇൻഡ്യയുടെ യു.എസ്. 64 സ്കീമിൽ പ്രസ്തുത ബാങ്ക് എത്ര തുക നിക്ഷേപിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഇല്ല.

(ബി) സഹകരണ വായ്പാ സംഘങ്ങളിൽ അധിക ഫണ്ട് ഉണ്ടാകുമ്പോൾ ജില്ലാ സഹകരണ ബാങ്കിലോ സംസ്ഥാന സഹകരണ ബാങ്കിലോ മാത്രം നിക്ഷേപിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണ വകുപ്പിന്റെ അനുമതിയില്ലാതെ പൊതുമേഖലാ ബാങ്കുകളിലോ വാണിജ്യ ബാങ്കുകളിലോ സഹകരണ സംഘങ്ങൾക്ക് നിക്ഷേപം പാടില്ലായെന്ന നിർദ്ദേശം നിലവിലുണ്ട്. സഹകരണ സംഘങ്ങൾ അവയുടെ ഫണ്ടുകൾ എപ്രകാരം നിക്ഷേപിക്കണമെന്ന് 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 57-ൽ പ്രതിപാദിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് 2001 മാർച്ചിനുശേഷം ലോർഡ് കൃഷ്ണാ ബാങ്ക് ഉൾപ്പെടെ സ്വകാര്യ ബാങ്കുകളിൽ ഉള്ള നിക്ഷേപം, വായ്പ എന്നിവയുടെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. †

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly